**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2300** **30-09-2025 - ൽ മറുപടിയ്ക്ക്**

**ആശാവർക്കർമാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആശാവർക്കർമാരുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് പഠിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ആശാവർക്കർമാരുടെ സംയുക്ത ട്രേഡ് യൂണിയനുകൾ ഉന്നയിക്കുന്ന വിവിധ വിഷയങ്ങൾ സമഗ്രമായി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 12.05.2025 ലെ സ.ഉ(സാധാ)നം 1297/2025/H&FWD ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റി സമിതിയുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ ശിപാർശകൾ സർക്കാർ പരിശോധിച്ച് വരികയാണ്. |
| (ബി) | ആശാവർക്കർമാരുടെ ജോലികൾ ഏകീകരിക്കാനും വേതനം കൃത്യമായി നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) | ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി 2007 ലാണ് കേരളത്തിൽ ആശ പദ്ധതി ആരംഭിക്കുന്നത്. ആയിരം ജനങ്ങൾക്ക് ഒരു ആശ എന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ആരംഭിച്ചത് എങ്കിലും ആശമാരുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും വാർഡ് ഹെൽത്ത്, സാനിട്ടേഷൻ & ന്യൂട്രീഷൻ കമ്മിറ്റിയിൽ ആശയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിനും സഹായകരമാകുന്നതിന് ഒരു വാർഡിൽ ഒരു ആശ എന്ന രീതിയിൽ നിലവിലുള്ള ആശാ പ്രവർത്തകരെ 2018 ൽ പുന:ക്രമീകരിച്ചു. നിലവിൽ 26125 പേർ 14 ജില്ലകളിലായി പ്രവർത്തിച്ചു വരുന്നു.<br><br>ആശമാർക്കു നൽകിവരുന്ന വിവിധ ഇൻസെന്റീവുകൾ ലഭിക്കുന്നതിന് ചെയ്യേണ്ട പ്രവർത്തങ്ങൾ എന്തൊക്കെ എന്ന് എല്ലാ വർഷവും കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ള ആർ.ഒ.പി. യിൽ നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ ദേശീയ ആരോഗ്യ പദ്ധതികളിലെ ഇൻസെന്റീവുകൾ ഏതൊക്കെ എന്നും അതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെ എന്നും എല്ലാ വർഷവും സ്റ്റേറ്റ് മിഷൻ ഡയറക്ടർ ഏകീകൃത സർക്കുലർ പുറപ്പെടുവിക്കുന്നുണ്ട്. കൂടാതെ നിലവിൽ സംസ്ഥാന സർക്കാർ നൽകി വരുന്ന ഹോണറേറിയം ഉപാധിരഹിതമായാണ് ആശമാർക്ക് |

| | | | |
|---|---|---|---|
| | | | നൽകി വരുന്നത്. സംസ്ഥാന ധന വകുപ്പുമായി ആലോചിച്ച് ആശാ ഹോണറേറിയം നിലവിൽ കൃത്യമായി നൽകി വരുന്നു. ആശമാർക്കു നൽകി വരുന്ന ഇൻസെന്റീവുകൾ 60 : 40 കേന്ദ്ര സംസ്ഥാന ആനുപാതികത്തിൽ ആണ്. കേന്ദ്രത്തിൽ നിന്നും ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഇൻസെന്റീവുകളും ആശമാർക്ക് കൃത്യമായി നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ